**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1804** **15-03-2022 - ൽ മറുപടിയ്ക്ക്**

**വിജിലൻസ് വിഭാഗത്തിന്റെ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ . ഷംസുദ്ദീൻ | | null<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | 2016 ജൂൺ മുതൽ കെ.എസ്.ആർ.ടി.സി. വിജിലൻസ് വിഭാഗം എടുത്ത കേസ്സുകളിൽ ഭൂരിഭാഗവും മിനിസ്റ്റീരിയൽ വിഭാഗത്തിന്റേതുൾപ്പെടെയുള്ളവരുടെ വ്യക്തി വൈരാഗ്യത്തിന്റെ പേരിൽ നേരിട്ടും അല്ലാതെയുമുള്ള കണ്ടക്ടർ, ഡ്രൈവർ, മെക്കാനിക്ക് എന്നീ വിഭാഗക്കാർക്കെതിരെയുള്ള പരാതികളിന്മേലാണെന്നതും പ്രസ്തുത കേസ്സുകളിൽ കുറ്റം ചുമത്തി കടുത്ത ശിക്ഷ ഉറപ്പാക്കുന്നത് സ്ഥാപനത്തിന്റെ ആരോഗ്യകരമായ പ്രവർത്തനത്തിന് വരുത്തുന്ന ബുദ്ധിമുട്ടുകളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | വിജിലൻസ് വിഭാഗം എടുത്ത കേസുകളിൽ മിനിസ്റ്റീരിയൽ വിഭാഗത്തിന്റെ ഉൾപ്പെടെയുള്ളവരുടെ വ്യക്തി വൈരാഗ്യത്തിന്റെ പേരിൽ മറ്റ് വിഭാഗം ജീവനക്കാർക്കെതിരെ കുറ്റം ചുമത്തിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ കെ.എസ്.ആർ.ടി.സി.യിലെ ആഡിറ്റ് വിഭാഗത്തിന്റെയും, വിജിലൻസ് ഇൻസ്പെക്ടർമാരുടെയും അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന റിപ്പോർട്ടിന്മേൽ കുറ്റക്കാരായി കണ്ടെത്തുന്ന ജീവനക്കാർക്കെതിരെ 1960 ലെ KCS(CC&A) പ്രകാരം അച്ചടക്കനടപടി വിജിലൻസ് വിഭാഗത്തിൽ സ്വീകരിച്ച് വരുന്നുണ്ട്. |
| (ബി) | നൂറ് കോടി രൂപയുടെ സാമ്പത്തിക തട്ടിപ്പ് കെ.എസ്.ആർ.ടി.സി. യിൽ നടന്നുവെന്ന പരാതിയിന്മേൽ സർക്കാർ തലത്തിൽ അന്വേഷണം ഏർപ്പെടുത്തിയിരുന്നോ; എങ്കിൽ അന്വേഷണത്തിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ഉൾപ്പെടെയുള്ള വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (ബി) | പ്രസ്തുത വിഷയത്തിൽ സർക്കാർ തലത്തിൽ വിജിലൻസ് അന്വേഷണത്തിന് 07.06.2021-ൽ ഉത്തരവായിട്ടുണ്ട്. |
| (സി) | വിജിലൻസ് വിഭാഗത്തിലെ എഴുപത് ശതമാനം ഇൻസ്പെക്ടർമാരെ ഇസ്രായേലിലെ രഹസ്യാന്വേഷണ വിഭാഗത്തിന്റെ പ്രത്യേക പരിശീലനത്തിന് അയക്കുവാൻ ഏതെങ്കിലും തലത്തിൽ കൂടിയാലോചനകൾ നടന്നിട്ടുണ്ടോ; എങ്കിൽ ഇതുമായി ബന്ധപ്പെട്ട് നാളിതുവരെ സ്വീകരിച്ച നടപടികൾ തീയതി സഹിതം അറിയിക്കുമോ; | (സി) | ഇല്ല. വിജിലൻസ് വിഭാഗം ഇൻസ്പെക്ടർമാർക്ക് നിലവിൽ മാനേജ്മെന്റ് തലത്തിൽ നിർദ്ദേശിക്കപ്പെടുന്ന പരിശീലനങ്ങൾ മാത്രമാണ് ലഭ്യമാക്കിവരുന്നത്. |
| (ഡി) | കെ.എസ്.ആർ.ടി.സി.യിലെ വിവിധ തൊഴിലാളി യൂണിയനുകൾക്ക് അംഗീകാരം നൽകുന്ന റഫറണ്ടത്തിന്റെ കാലാവധി, സ്ഥാപനത്തിന്റെ സുഗമമായ നടത്തിപ്പ് ലക്ഷ്യംവച്ച് അഞ്ച് വർഷത്തിൽ നിന്ന് മൂന്ന് വർഷമായി കുറയ്ക്കുന്നതിന് | (ഡി) | നിലവിൽ കെ.എസ്.ആർ.ടി.സി.യിൽ മൂന്ന് വർഷത്തിലൊരിക്കലാണ് റഫറണ്ടം നടത്തി വരുന്നത്. |

| | | | |
|---|---|---|---|
| | ആവശ്യമായ ഭേദഗതി വരുത്തുമോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ